ഭരണഭാഷ മാതൃഭാഷ

No. E2 / 76 / 2020

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി:
30.03.2020

പ്രേഷകൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
എല്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറികൾ പ്രവർത്തിക്കുന്നത് - സംബന്ധിച്ച്

സൂചന: 27/03/2020-ലെ ഈ ഓഫീസിലെ ഇതേ നം. കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മൂന്നിൽ ഒന്ന് ജീവനക്കാരെ വിനിയോഗിച്ച് എല്ലാ ട്രഷറികളും പ്രവർത്തിക്കേണ്ടതാണെന്നും ജീവനക്കാരെ താൽക്കാലികമായി ജില്ലാ ട്രഷറികളുടെ പരിധിക്കുള്ളിൽ വിന്യസിക്കാനും, വിദൂര സ്ഥലങ്ങളിൽ നിന്നും ജോലി ചെയ്യുന്ന ട്രഷറികളിൽ എത്തിച്ചേരാൻ സാധിക്കാത്തവർ അവരവരുടെ താമസ സ്ഥലത്തിനു സമീപത്തെ ട്രഷറികളിൽ ജോലി ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുവാനും സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം അവസാനം വരെ ജില്ലാ ട്രഷറി ഒഴികെയുള്ള ട്രഷറികളുടെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ കേന്ദ്ര ഗവൺമെന്റ് ട്രഷറി വകുപ്പിനെ അവശ്യ സർവ്വീസിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാലും സാമ്പത്തിക വർഷാവസാനത്തോടനുബന്ധിച്ചുള്ള ബില്ലുകൾ, ശമ്പള ബില്ലുകൾ, പെൻഷൻ വിതരണം എന്നിവയുമായി ബന്ധപ്പെട്ട പേയ്മെന്റുകൾ സമയബന്ധിതമായി നടത്തേണ്ടതുള്ളതുകൊണ്ടും നേരത്തേ ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങളിൽ ചുവടെപറയുന്ന മാറ്റങ്ങൾ വരുത്തുന്നു

1) **ജീവനക്കാരെ താത്ക്കാലികമായി അവരവരുടെ താമസ സ്ഥലത്തിനു സമീപത്തുള്ള ട്രഷറികളിൽ ജോലി ചെയ്യുന്നതിന് നൽകിയിരുന്ന അനുമതി പിൻവലിക്കുന്നു. അതാത് ട്രഷറികളിലെ ജീവനക്കാർ മാത്രം 31/03/2020 മുതൽ ട്രഷറികളിൽ ഹാജരായാൽ മതിയാകും.**

2) കാസർഗോഡ് ജില്ലയിലെ എല്ലാ ട്രഷറികളും 31/03/2020 മുതൽ പരിപൂർണ്ണമായും പ്രവർത്തിക്കേണ്ടതും, എല്ലാ ട്രഷറി ഇടപാടുകളും നടത്തേണ്ടതുമാണ്.

3) നിലവിലെ സാഹചര്യത്തിൽ മങ്കൊമ്പ്, മണലൂർ, എരുമേലി എന്നീ ട്രഷറികളെ 01/04/2020 മുതൽ ബാങ്കിംഗ് ട്രഷറിയാക്കി മാറ്റുന്ന ഉത്തരവ് നീട്ടി വച്ചിരിക്കുന്നു. അതാത് ബാങ്കുകളെ ഈ വിവരം ട്രഷറിതലത്തിൽ അറിയിക്കേണ്ടതാണ്.

4) ആരോഗ്യ വകുപ്പിന്റെ ശമ്പള ബില്ലുകൾ ആദ്യത്തെ പ്രവൃത്തി ദിവസം ക്രഡിറ്റ് വരുന്ന രീതിയിൽ പാസ്സാക്കേണ്ടതാണ്. ബാക്കി എല്ലാ വകുപ്പുകളുടെയും ശമ്പള വിതരണം ചട്ട പ്രകാരമുള്ള Schedule of Payment അനുസരിച്ച് അതാത് ദിവസങ്ങളിൽ ക്രെഡിറ്റ് ചെയ്താൽ മതിയാകും.

5) ശമ്പളം മാറുന്നതിനായി സമർപ്പിക്കുന്ന ETSB ചെക്കുകൾ മറ്റ് TSB ചെക്കുകൾ എന്നിവ പാസ്സാക്കി നൽകേണ്ടതാണ്.

6) കൊറോണ വൈറസ് വ്യാപനം തടയുന്നതിന് ഗവൺമെന്റ് നൽകിയിട്ടുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും, പോലീസ്, ആരോഗ്യ വകുപ്പ്, പെൻഷനേഴ്സ് യൂണിയൻ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ കർശനമായി പാലിക്കേണ്ടതാണ്.

**വിശ്വസ്തതയോടെ**

**ട്രഷറി ഡയറക്ടർ**

a

Directorate of Treasuries, "Krishna Buildings", T.C.No.28/629, Thycaud P.O., Thiruvananthapuram, Pin.695014. Ph.No.0471-2322533, Fax No.0471-2324229, Mail id:- keralatreasury@gmail.com. website:treasury.kerala.gov.in